
# പഴയങ്ങാടി- ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിൽ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ – സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്




**തയ്യാറാക്കി സമർപ്പിക്കുന്നത്**

**കണ്ണൂർ**
**31.12.2021**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**(കയ്റോസ്-കണ്ണൂർ)**

# TABLE OF CONTENTS


## Detailed project description

- Background of the project, including developer's background and governance/management structure
- Rationale for project including how the project fits the public purpose criteria listed in the act
- Details of project size, location, capacity, output, production targets, costs, risks
- Examination of alternatives
- Phases of project construction
- Core design features and size and type of facilities
- Need of ancillary infrastructural facilities
- Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports
- Applicable law and policies

## Team composition approach, methodology and schedule of the Social Impact Assessment

- List of all team members with qualification
- Description and rationale for the methodology and tools used to collect information for the social impact assessment
- Sampling methodology used
- Overview of informations/ data sources used
- Schedule of consultations with key stakeholders and brief description of public hearings conducted

## Land assessment

- Describe with the help of maps information from land inventory and primary sources.
- Entire area of impacts under the influence of the project. (not limited to land area for acquisition)
- Total land required for the project
- Present use of any public, utilized land in the vicinity of the project area
- Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project
- Quantity and location of the land proposed to be acquired for the project
- Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses
- Land prices and recent changes in ownership, transfer and use of lands over the last 3 years



- Present use of any public, utilized land in the vicinity of the project area
- Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project

- Quantity and location of the land proposed to be acquired for the project
- Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses
- Land prices and recent changes in ownership, transfer and use of lands over the last 3 years

## Estimation and enumeration (where required) of affected families and assets

- Estimation of families
- Families which are directly affected (own land that is proposed to be acquired)
- Family of scheduled tribes and other traditional forest dwellers who have lost any of their forest rights.
- Families which depend on common property resources which will be affected due to acquisition of land for their livelihood
- Families which have been assigned land by the state government or the central government under any of its schemes and such land is under acquisition
- Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land
- Families which are indirectly impacted by the project (not affected directly by the acquisition of own land)
- Inventory of productive assets and significant lands

## Socio- economic and cultural profile (affected area and resettlement site)

- Demographic details of the population in the project area
- Income and poverty levels
- Vulnerable groups
- Land use and livelihood
- Local economic activities
- Factors that contribute to local livelihood
- Kinship patterns and social and cultural organisations
- Administrative organisations
- Political organizations
- Community based and civil society organisations
- Regional dynamics and historical change processess
- Quality of the living environment

## Social impact management plan

- Approach to mitigation
- Measures to avoid, mitigate and compensate impact
- Measures that are included in the terms of rehabilitation and resettlement and compensation as outlined in the act
- Measures that the requiring body has stated it will introduce in the project proposal
- Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process
- Detailed mitigation plan

അനുബന്ധം

- ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ചിത്രങ്ങൾ
- .ഭൂമിയിലുള്ള വിവിധ സ്ഥാപനങ്ങളുടെ ചിത്രങ്ങൾ
- 3നഷ്ടപ്പെടാനിടയുള്ള മരങ്ങൾ
- ജില്ലാ കളക്ടറുടെ 25.10.2021 ലെ DCKNR/3497/19-C3 നമ്പർ നടപടി ക്രമത്തിന്റെ പകർപ്പ്
- 27.10.2021 ലെ 3126-ാം നമ്പർ അസാധാരണ ഗസറ്റിന്റെ പകർപ്പ്
- 16.11.2021 ലെ കേരള കൗമുദി പത്രപരസ്യത്തിന്റെ പകർപ്പ്
- 16.11.2021 ലെ സുദിനം പത്ര പരസ്യത്തിന്റെ  പകർപ്പ്
- നിർദ്ദിഷ്ട റെയിൽവെ മേൽപ്പാലത്തിന്റെ ലൊക്കേഷൻ പ്ലാൻ
- പൊതു അവകാശവാദ യോഗത്തിന്റെ നോട്ടീസ് കൈപ്പറ്റിയതിന്റെ പകർപ്പ്
- പൊതു അവകാശവാദത്തിന്റെ ഹാജരും നിർദ്ദേശത്തിന്റെ ശരിപ്പകർപ്പും
- കെ റെയിൽ ജനറൽ മാനേജരുടെ 13.12.2021 ലെ KRDCL/209/2019/159 നമ്പർ കത്തിന്റെ പകർപ്പ്

## പഴയങ്ങാടി- ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിൽ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റഎടുക്കൽ - <u>സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്</u>

പഴയങ്ങാടി -ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിൽ റെയിൽവെ മേൽപാലം നിർമ്മിക്കുന്നതിന് പയ്യന്നൂർ താലൂക്കിലെ കുഞ്ഞിമംഗലം വില്ലേജിലെ റി. സ. നമ്പർ 331,337,373,374,375,376,378 എന്നീ നമ്പരുകളിൽപ്പെട്ട സ്വകാര്യ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുന സ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യാ ഘാത പഠനം നടത്തി, ചുമതലപ്പെട്ട പഠന യൂണിറ്റായ കയ്റോസ് കണ്ണൂർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

## <u>Detailed Project Description</u>

### <u>പദ്ധതി സംബന്ധിച്ച വിവരണം, പദ്ധതിയുടെ പശ്ചാത്തലം</u>

## <u>Background of the project, including developer's background and governance/management structure</u>

കണ്ണൂരിലൂടെ കടന്നുപോകുന്ന ദേശീയ പാത 66 നെ ഏഴിമല റെയിൽവെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഏഴിലോട്- കുഞ്ഞിമംഗലം റോഡിനെ ഏഴിമല നേവൽ അക്കാദമിയു മായി ബന്ധിപ്പിക്കുന്ന റോഡിൽ, പാലക്കാട് റെയിൽവെ ഡിവിഷനിൽപ്പെട്ട പഴയങ്ങാ ടി-ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിൽ 782/200-300 ൽ സ്ഥിതി ചെയ്യുന്ന 259-ാം നമ്പർ ലെവൽക്രോസ് ഒഴിവാക്കുന്നതിനായി, ഒരു മേൽപ്പാലം നിർമ്മിക്കുന്നതിനായാണ് കുഞ്ഞിമംഗലം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 0.37 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിലൂടെ കടന്ന് പോകുന്ന ട്രെയിനുകളുടെയും നിരന്തരമായി റോഡ് ഉപയോഗിക്കുന്നവരുടെയും സുരക്ഷ മുൻ നിർത്തി, റെയിൽവെ ജോലികളെ സംബന്ധിക്കുന്ന റെയിൽവെ പിങ്ക്ബുക്കിലെ 429/2018-19 -ാം നമ്പർ ഇനമായി റെയിൽവെ ബോർഡ് അനുമതി നൽകിയതാണ് ഈ പദ്ധതി.

സാധാരണയായി ഇത്തരം മേൽപ്പാലനിർമ്മാണത്തിന് റെയിൽവെ ഭാഗത്തുള്ള നിർമ്മിതി റയിൽവെയും , സമീപന റോഡുകൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാർ ഏജൻസികളു മാണ് നടത്തിവരുന്നത്. പലപ്പോഴും ഈ ര ് ഏജൻസികളും തമ്മിലുള്ള ഏകോപന കുറവ് മൂലം നിർമ്മാണം അകാരണമായി നീ ു പോകുകയും അതുവഴി ഉദ്ഘാടനം

ഏറെ വൈകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ നിർമ്മിതി കെ റെയിൽ എന്ന സ്ഥാപന ത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

നിലവിൽ കണ്ണൂർ, മംഗലാപുരം ഭാഗങ്ങളിലേക്കായി പ്രതിദിനം 61 ട്രെയിനുകൾ സർവ്വീസ് നടത്തുന്നു ്. 61 തവണ ഈ ലെവൽക്രോസ് അടച്ചിടേ തായും വരുന്നു ്. സാധാ രണ പാസഞ്ചർ ട്രെയിനുകളും ചില എക്സ്പ്രസ് ട്രെയിനുകളും ഏഴിമല റെയിൽവെ സ്റ്റേഷനിൽ നിർത്തുന്നു ്. സ്റ്റേഷനിൽ നിന്ന് കേവലം 250 മീറ്റർ അകലെയുള്ള ഗെയിറ്റ് ആയതിനാൽ തന്നെ മറ്റ് ഗെയിറ്റുകളെക്കാൾ കൂടുതൽ സമയം അടഞ്ഞുകിടക്കേ ി വരു ന്നു. കുഞ്ഞിമംഗലം, കുന്നരു തീരദേശ മേഖലകളിലേക്കും ഏഴിമല നേവൽ അക്കാദമി യിലേക്കും ഏഴിലോട് ദേശീയ പാതയിലേക്കും പയ്യന്നൂർ താലൂക്ക് കേന്ദ്രത്തിലേക്കും മറ്റും പോകേ വാഹനങ്ങൾ ഗെയിറ്റിന്റെ ഇരു വശത്തും ഏറെ സമയം കുടുങ്ങിക്കിടക്കേ ി വരാറു ്. ഇത് ഗെയിറ്റിന്റെ ഇരുവശത്തുമുള്ള വ്യാപാര സ്ഥാപനങ്ങളെയും പ്രതികൂല മായി ബാധിക്കുന്നു.

പയ്യന്നൂർ കണ്ണൂർ ദേശീയ പാതയെയും പയ്യന്നൂർ റെയിൽവെ സ്റ്റേഷനെയും തന്ത്രപ്രധാന മായ ഏഴിമല നേവൽ അക്കാദമിയെയും ഏളുപ്പത്തിൽ ബന്ധപ്പെടാൻ ഈ ROB ഉപക രിക്കും. അതുപോലെ തന്നെ കാസർഗോഡുള്ള കുഞ്ചത്തൂർ മുതൽ തിരുവനന്തപുരം പൂവാർ വരെയുള്ള തീരദേശ ഹൈവേയുമായി ബദ്ധപ്പെടാനും ഇത് സഹായിക്കും. മത്സ്യ- കാർഷിക മേഖലയെ കൂടുതലായി ആശ്രയിക്കുന്ന ചെറിയ തരത്തിലുള്ള കായലു കളും കൈപ്പാടുകളും പുഴയും മറ്റുമുള്ള പ്രദേശത്തിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാനും കഴിയുന്നു

2018 നബംമ്പർ മാസം നടത്തിയ കണക്കെടുപ്പിൽ പ്രതിദിനം 4927 വാഹനങ്ങൾ ഈ ഗെയിറ്റു വഴി കടന്നു പോകുന്നതായിട്ട് രേഖപ്പെടുത്തിയിട്ടു ്. 2022 ആകുമ്പോഴേക്കും ഇത് 7092 ആയി വർദ്ധിക്കും.

ഇതിനൊക്കെയുള്ള ഒരു പരിഹാരമായിട്ടാണ് 782/200–300 ൽ സ്ഥിതി ചെയ്യുന്ന 259–ാം നമ്പർ ലെവൽ ക്രോസിൽ ഒരു റെയിൽവെ മേൽപ്പാലം നിർമ്മിക്കപ്പെടുന്നത്. ഇതി നായാണ് കുഞ്ഞിമംഗലം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലെ 0.37 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത്. ഇത് യാഥാർത്ഥ്യമായാൽ മേൽസൂചിപ്പിച്ച

പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ഏഴിമല റെയിൽവെ സ്റ്റേഷനിലേക്കുള്ള റോഡിന്റ ഇരുവശത്തുമായി താമസിക്കുന്നവർക്കും ഏറെ സൗകര്യപ്രദമായിരിക്കും ഈ പദ്ധതി.

## Rationale for project including how the project fits the public purpose criteria listed in the act

### ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ

ഇവിടെ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് പഴയങ്ങാടി -ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിലായി 782/200-300 കി.മീറ്ററിലുള്ള 259-ാം നമ്പർ റെയിൽവെ ക്രോസിംഗ് ഒഴിവാക്കി, ഒരു റെയിൽവെ മേൽപ്പാലവും, സമീപന റോഡുകളും, സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിനാണ്. ഇത് 2018 നവംബർ മാസത്തിൽ നടത്തിയ പ്രതിദിന TVU (Train and Vehicle Unit) അടിസ്ഥാനത്തിലാണ്. ഒരു ദിവസത്തിൽ ഈ ലെവൽ ക്രോസിലൂടെ പോകുന്ന വാഹനങ്ങളുടെ എണ്ണത്തെ, ഒരു ദിവസം ഇതു വഴി കടന്ന് പോകുന്ന ട്രെയിനുകളുടെ എണ്ണം കൊ ് ഗുണിച്ചാണ് TVU കാണുന്നത്. ഈ ലെവൽ ക്രോസ് വഴി പ്രതിദിനം 3403 വാഹനങ്ങൾ കടന്ന് പോകുന്നു. 61 ട്രെയിനുകളും. അതിനാൽ TVU 2,07,583 ആണ്. (3403 X 61). ഇത് ഒരു ലക്ഷത്തിലേറെ ആകുമ്പോൾ തന്നെ ഇത്തരം മേൽപ്പാല നിർമ്മാണം റെയിൽവെ പരിഗണിക്കാറു ്

ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണ്. ഈ ഗേറ്റ് ഉപയോഗിക്കുന്ന ഇവിടുത്തെ സാധാരണക്കാരുടെ സമയനഷ്ടം പരിഹരിക്കുക പ്രധാന ലക്ഷ്യമാണ്. ഇവിടുത്തെ റോഡിന്റെ വശങ്ങളിലുള്ള കച്ചവടക്കാർക്കും സ്ഥിരതാമസക്കാർക്കും ഏറെ ഗുണകരമായ പദ്ധതിയാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. കേരള റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. റെയിൽ) എന്ന കേരള സർക്കാരിന്റെയും, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള റെയിൽവെ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമാണ്. ഇത് കേരളത്തിലെ പൊതുജന സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് റെയിൽവെയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായാണ് കെ റെയിൽ ക്രമീകരിച്ചിരിക്കുന്നത്. പൊതു ജനങ്ങൾക്കു വേ ി സർക്കാർ മുൻകൈ എടുത്ത് നടത്തുന്ന പദ്ധതി ആയതിനാൽ ഇത് പൊതു ആവശ്യത്തിന് തന്നെയാണ് എന്ന് വ്യക്തമാക്കുന്നു.

## Details of project size, location, capacity, output, production targets, costs, risks

7.5 മീറ്റർ വീതിയിലുള്ള ര ് വരിപാത, ഒരു വശത്ത് 1.5 മീറ്റർ വീതിയുള്ള നടപ്പാത. നിലവിലുള്ള ട്രാക്കിന്റെ ഇരുവശത്തുമായി മേൽപ്പാലത്തിലെ നടപ്പാതയിലേക്ക് എത്തുന്നതിനുള്ള ഏണിപ്പടി, ആവശ്യമായ സർവ്വീസ് റോഡുകൾ എന്നിവയടക്കം ഉള്ളതാണ് ഈ പദ്ധതി. റെയിൽവെ ലൈനിന്റെ പടിഞ്ഞാറ് ഭാഗത്ത്, അതായത് നേവൽ അക്കാദമി ഭാഗത്ത്

234.88 മീറ്ററും കിഴക്ക് ഭാഗത്ത് അതായത് ദേശീയ പാത ഭാഗത്ത് 225.96 മീറ്ററും, പാലം 63.44 മീറ്ററുമാണ്. മൊത്തത്തിൽ 524.28 മീറ്റർ നീളമുള്ള ഒരു പദ്ധതിയാണിത്.

സമീപന റോഡ് അടക്കം ഇതിന്റെ നിർമ്മിതിക്കായി ആകെ 38,31,54,414 രൂപയാണ് ചിലവ് കണക്കാക്കുന്നത്. ഈ ചിലവിന്റെ പകുതി അതായത് 50% കേരള സർക്കാരും 50% റെയിൽവെയുമാണ് വഹിക്കുന്നത്.

## Examination of alternatives

റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നത് 259-ാം നമ്പർ ലെവൽക്രോസിലാണ്. അതിന്നാവശ്യത്തിലേക്കാണ് സമീപന റോഡുകളും നിർമ്മിക്കേ ത്. ഇതിന് ഏറ്റവും അനുയോജ്യമായ ഭൂമി ഇപ്പോൾ ഏറ്റെടുക്കാൻ വേ ി പോകുന്ന 0.37 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. അതിനാൽ തന്നെ പകരം ഭൂമിയെക്കുറിച്ച് പരിശോധന നടത്തേ തില്ല.

## Phases of project construction

പദ്ധതിക്ക് ആവശ്യമായ ഭൂമി, നിലവിലുള്ള കച്ചവട സ്ഥാപനങ്ങൾക്കും വീടുകൾക്കും പരമാവധി പ്രയാസം ഒഴിവാക്കി, ഏറ്റെടുത്തതിന് ശേഷം , സ്ഥലം ഏറ്റെടുപ്പ് ബാധിക്കുന്നവരുടെ ഇടപാടുകൾ തീർത്ത് വൈദ്യുത തൂണുകളും ലൈനുകളും ടെലഫോൺ ഡി.ബി യും മാറ്റിയതിന് ശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നു. ഏപ്രിൽ 2022 ൽ പണി ആരംഭിച്ച് 2024 മാർച്ചിൽ പൂർത്തിയാക്കുന്ന രീതിയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## Core design features and size and type of facilities

പാലത്തിന് മൂന്ന് സ്പാനുകളാണ്. 18 മീറ്റർ നീളത്തിലുള്ള ര ് എണ്ണവും 24 മീറ്ററുള്ള ഒന്നും മൊത്തം നീളം 63.44 മീറ്റർ ആണ്. സമീപന റോഡുകളുടെ സ്പാൻ നീളം ഏഴിമല ഭാഗത്ത് 156 മീറ്ററും പയ്യന്നൂർ ഭാഗത്ത് 156 മീറ്ററുമാണ്. അതുപോലെ ഏഴിമല ഭാഗത്ത് താങ്ങുമതിൽ 70 മീറ്ററും പയ്യന്നൂർ ഭാഗത്ത് 79 മീറ്ററുമാണ്. ഇതെല്ലാം കൂടി 524.44 മീറ്ററാണ്.

## Need of ancillary infrastructural facilities

മേൽപാലവും അനുബന്ധ റോഡുകളും നിർമ്മിക്കപ്പെടുമ്പോൾ സമീപ പ്രദേശത്തെ കച്ചവടക്കാർക്കും താമസക്കാർക്കും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിലേക്കായി സർവ്വീസ് റോഡുകളും ഡൈവേർഷൻ റോഡുകളും നിർമ്മിക്കും. പ്രാരംഭഘട്ടത്തിൽ യാത്രാപ്രശ്നങ്ങൾ ഒഴിവാക്കുന്നതിലേക്കാണ് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നത്.

## Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports

സാമൂഹ്യആഘാതപഠനമോ പാരിസ്ഥിതിക ആഘാത പഠനമോ മുമ്പേ നടത്തിയിട്ടില്ല.

## Applicable law and policies

പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്ന സമയത്ത് , മുൻപ് നിലവിലു  ായിരുന്ന നിയമങ്ങളേക്കാൾ കൂടുതൽ പരിഗണന ഭൂവുടമകൾക്കും, ഭൂമി ഏറ്റെടുക്കൽ മൂലം പ്രയാസം അനുഭവിക്കുന്നവർക്കും നൽകുന്നതിനുമായി ഏറ്റെടുക്കൽ നടപടികളിൽ ന്യായമായ നഷ്ടപരിഹാരവും  സുതാര്യതയും ഉറപ്പ് വരുത്തുന്നതിനുമായി പ്രയോഗത്തിലുള്ള നിയമങ്ങളെ സംബന്ധിച്ച് താഴെ കാണിക്കുന്നു. ഈ നിയമത്തിൽ വരുമാനത്തിനും, തൊഴിലിനും, ജീവനോപാധികൾക്കും, പരിസ്ഥിതിക്കും, പൊതുജനാരോഗ്യത്തിനും പ്രത്യേകം പരിഗണന നൽകുന്നു.

## 1. RFCTLARR Act, 2013

## 2. RFCTLARR Act (Kerala) rules 2015

## 3. RTI Act 2005 etc

## Team composition approach, methodology and schedule of the Social Impact Assessment

### സാമൂഹ്യആഘാത പഠന യൂണിറ്റിന്റെ ഘടന

പഴയങ്ങാടി- ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള 259-ാം നമ്പർ ലെവൽ ക്രോസിൽ ഒരു റെയിൽവെ മേൽപാലവും സമീപന റോഡുകളും നിർമ്മിക്കുന്നതിനായി കുഞ്ഞിമംഗലം അംശം ദേശത്തിലെ സർവ്വേ നമ്പർ 331, 337,373,374,375,376,378 എന്നിവ

യിൽപ്പെട്ട 0.37 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കഴിഞ്ഞ 22 വർഷമായി കണ്ണൂർ ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന Track A NGO ആയ കയ്റോസ് (Kannur Association for Integrate Rural Oraganization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നൽകപെട്ടിരിക്കുന്നത് കണ്ണൂർ ജില്ലാ കളക്ടറുടെ 25.10.2021 ലെ DCKNR/3497/19-C3 നമ്പർ നടപടി ക്രമപ്രകാര മാണ് ഇത് സംബദ്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2021 ഒക്ടോബർ മാസം 27-ാം തീയ്യതി യിലെ 3126-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്

List of all team members with qualification

| ക്രമ നമ്പർ | പേര് | പദവി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഫാ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ | MSW |
| 2 | ശ്രീ. കെ വി ചന്ദ്രൻ | അംഗം | BA (Eco)<br>MA (His) |
| 3 | ശ്രീമതി ജെസി റെജി (ഡി.റ്റി.പി ഓപ്പറേറ്റർ) | അംഗം | BA (Mal) |
| 4 | ശ്രീ. പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് | SSLC |

## <u>Description and rationale for the methodology and tools used to collect information for the social impact assessment</u>

### <u>പഠനോപാധികളും പഠനവിഷയങ്ങളും</u>

പഴയങ്ങാടി- ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിൽ 782/200-300 259-ാം നമ്പർ ലെവൽക്രോസ് ഒഴിവാക്കുന്നതിന് ഒരു റെയിൽവെ മേൽപ്പാലവും അതിനുള്ള സമീപന റോഡുകളും സർവ്വീസ് റോഡുകളും നിർമ്മിക്കുന്നതിലേക്ക് കുഞ്ഞിമംഗലം അംശം ദേശത്ത് ഏഴ് സർവ്വേ നമ്പറുകളിൽ 0.37 ഹെക്ടർ വരുന്ന മുപ്പതോളം പേരുടെ കൈവശാ വകാശത്തിലിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നട ത്തുന്നതിന് Participatory Observation, Participatory Rural appraisal, informal interviews with key unifomants എന്നിങ്ങനെയുള്ള ടൂളുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിച്ച്, ഫോട്ടോകൾ എടുത്ത് പ്രത്യേകതകൾ മനസ്സിലാക്കാൻ സാധിച്ചിട്ടു ്. സ്ഥല പരിശോധന സമയത്ത് തലശ്ശേരി തഹസിൽദാർ (എൽ. എ) ജനറൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടറുടെ സഹായവും റെയിൽവെ സെക്ഷൻ എഞ്ചിനീയറുടെ സേവനവും ലഭിച്ചിട്ടു ്. കെ. റെയി

ലിൽ നിന്നും ലഭിച്ച സൈറ്റ് പ്ലാൻ പ്രകാരം ഭൂഉടമകളുടെയും മറ്റ് തല്പര കക്ഷികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പൊതു അവകാശവാദം ഉന്നയിക്കാനുള്ള യോഗത്തിൽ വെച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് സ്ഥലം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താനും സാധിക്കും

## Sampling methodology used

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ മൊത്തത്തിൽ 28 പേരുടെ സ്ഥലമാണ് ഏറ്റെടുക്കപ്പെടുന്നത്. ഇതിൽ പലരെയും പല തരത്തിലാണ് സ്ഥലം ഏറ്റെടുപ്പ് ബാധിക്കുന്നത്. അതുകൊ ് തന്നെ ഇവരെ വിവിധ വിഭാഗങ്ങളാക്കിയാണ് പഠനം നടത്തിയിരിക്കുന്നത്. സ്ഥലം മാത്രം നഷ്ട്ടപ്പെടുന്നവർ, സ്ഥലത്തോട് ചേർന്ന കടമുറികളുടെ മുൻഭാഗത്ത് പ്രയാസം അനുഭവപ്പെടുന്നവർ, താമസിച്ച് വരുന്ന വീടിന്റെ മുൻഭാഗത്തിന് പ്രയാസം അനുഭവിക്കുന്നവർ., വാടകയ്ക്ക് കച്ചവടം നടത്തുന്നവർ. ഇവരുമായി കൂടിക്കാഴ്ച നടത്തി, അവരുടെ പ്രയാസങ്ങൾ നേരിട്ട് അറിഞ്ഞ് അവരിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് വിവിധ ഘട്ടങ്ങളിൽ പരാമർശിച്ചിട്ടു ്.

## Overview of informations/ data sources used

ഇവിടെ ഭൂമി ഉള്ളവരും അതേസമയം ഇവിടെ താമസിക്കാത്തവരുടെയും വിവരശേഖരണം ഏറെ പ്രയാസകരമായിരുന്നു. സമീപത്തെ ഭൂ ഉടമകൾക്ക് പോലും ഇത്തരക്കാരെക്കുറിച്ച് വ്യക്തമായ ധാരണ ഉ ായിരുന്നില്ല. കെ. റെയിൽ അധികാരികളിൽ നിന്ന് ലഭിച്ച പ്ലാനും തഹസിൽദാർ എൽ എ ജനറൽ തലശ്ശേരി, ഗ്രാമപഞ്ചായത്ത് പ്രസിഡ ് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ വില്ലേജ് ഓഫീസർ അടക്കമുള്ളവരിൽ നിന്ന് ലഭിച്ച വിവരങ്ങളും ഏറെ സഹായകരമായിരുന്നു.

## Schedule of consultations with key stakeholders and brief description of public hearings conducted

ഭൂവുടമകളെയും സ്ഥലം ഏറ്റെടുപ്പ് ബാധിക്കാനിടയുള്ള പരിസര വാസികളെയും തൊഴിലാളികളെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊ ് ര ായിരത്തി ഇരുപത്തി ഒന്ന് ഡിസംബർ മാസം ഒന്നാം തീയ്യതി ഒരു പൊതു അവകാശവാദ യോഗം കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്നു. സാമൂഹ്യാഘാത പഠന യൂണിറ്റ് അംഗം ശ്രീ. കെ വി ചന്ദ്രൻ സ്വാഗതം ആശംസിച്ച് യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യത്തെക്കുറിച്ച് വിശദീകരിച്ചു. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ എം വി ദീപു അദ്ധ്യക്ഷത വഹിച്ച യോഗം ഗ്രാമ പഞ്ചായത്ത് പ്രസിഡ ് ശ്രീമതി പ്രാർത്ഥന

ഉദ്ഘാടനം ചെയ്തു. മെമ്പർ പി കരുണാകരൻ, സി ബാലകൃഷ്ണൻ, തലശ്ശേരി എൽ എ ഓഫീസ് റവന്യൂ ഇൻസ്പെക്ടർ പ്രദീപൻ സി, കെ റെയിൽ സെക്ഷൻ എഞ്ചിനീയർ ശ്രീ മിഥുൻ ജോസഫ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശശീന്ദ്രൻ പി കെ എന്നിവരടക്കം 41 പേർ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ ഉയർന്നു വന്ന സംശയങ്ങളും നിർദ്ദേശങ്ങളും താഴെ കാണിച്ചിരിക്കുന്നു.

1. ശ്രീമതി ശ്യാമള പി.വി

എന്റെ സ്ഥലത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭാഗത്ത് മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്, അത് പൊളിച്ചു മാറ്റിയാൽ എത്ര ദിവസംകൊണ്ടു കെട്ടിത്തരും? കല്ലും തൊഴിലാളികളെയും കിട്ടാനില്ല. നഷ്ടപരിഹാരം മുൻകൂട്ടി തന്നാൽ ഞാൻ തന്നെ മതിൽ കെട്ടിക്കോളം

2. ശ്രീമതി പി ജാനകി

പ്രത്യേക ഡിമാൻഡ് ഒന്നുമില്ല. എന്റെ പറമ്പിലെ കുടിവെള്ള സ്രോതസ്സായ കിണർ നഷ്ടപ്പെടുമെന്ന് ആശങ്കയുണ്ട്. ആകെ 6 ½ സെന്റ് സ്ഥലം മാത്രമേ ഉള്ളു.

3. ശ്രീ സുരേഷ് പി വി

എനിക്ക് 6 ½ സെന്റ് സ്ഥലമാണുള്ളത്. ഇതിൽ മൂന്നു മുറികളുള്ള കെട്ടിടമുണ്ട്. സ്ഥലം ഏറ്റെടുപ്പ് കടയെ ബാധിക്കുമെന്നതിനാൽ, വാടകക്കാർ ഒഴിഞ്ഞു പോകും. അത് വരുമാനത്തെ ബാധിക്കും. കെട്ടിടം ഉപയോഗശൂന്യമാകുന്നതിനാൽ കെട്ടിടം അടക്കം സ്ഥലം ഏറ്റെടുക്കണം.

4. ശ്രീ വിജയകുമാർ സി

സുരേഷ് പി വി യുടെ കെട്ടിടത്തിൽ കഴിഞ്ഞ രണ്ടു വർഷമായി 'ക്രയോൺസ്' എന്ന സ്റ്റുഡിയോ നടത്തിവരുന്നു. മുൻപേ നടത്തിയിരുന്ന സ്റ്റുഡിയോ ദേശിയ പാതയ്ക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ ഉപേക്ഷിച്ചു. ഇതും ഇല്ലാതാകാൻ സാധ്യത ഉണ്ട്. പുനരധിവാസ സൗകര്യം വേണം.

5. ശ്രീ രാജൻ വി വി

കഴിഞ്ഞ 20 വർഷമായി സുരേഷിന്റെ കെട്ടിടത്തിലെ ഒരു മുറിയിൽ സ്വർണ്ണപ്പണി ചെയ്തുവരുന്നു. എന്റെ ഇടപാടുകാർ മുഴുവൻ ഈ പ്രദേശത്തുകാരാണ്. സ്ഥാപനം നഷ്ടപ്പെട്ടാൽ ജീവിതം വഴി മുട്ടിപോകും. യുക്തമായ നടപടി വേണം.

6. ശ്രീ വിശ്വനാഥൻ വി (വിമുക്തഭടൻ)

നേവൽ അക്കാദമി പരിസരത്തുനിന്നും വന്നതാണ്. പുതിയ വീടാണ്. ഇതിന്റെ മുറ്റത്ത് തന്നെയാണ് കുറ്റിയടിച്ചിരിക്കുന്നത്. ഇപ്പോഴത്തെ കുറ്റിയിൽ നിന്നും 3 മീറ്ററെങ്കിലും മാറ്റിയടിക്കണം. പാലം വന്നു കഴിഞ്ഞാൽ റെയിൽവെ ഗേറ്റ് ഇല്ലാതാവുമല്ലോ. അതിനാൽത്തന്നെ വീതിയുള്ള സർവീസ് റോഡിൻറെ ആവശ്യമുണ്ടോ?

7. ശ്രീ കെ.വി. മുരളീധരൻ

എന്റെ കെട്ടിടത്തിന്റെ മുന്നിൽ തന്നെയാണ് മാർക്ക് ചെയ്തിരിക്കുന്നത്. കെട്ടിടത്തെ ബാധിക്കില്ലേ ? അങ്ങനെയെങ്കിൽ നഷ്ടപരിഹാരം സംബന്ധിച്ച് വ്യക്തത വേണം. എത്ര ഭൂമിയാണ് എന്റേത്

ഏറ്റെടുക്കുക? ROB യുടെയും K- Rail ൻറെയും ഭൂമി ഏറ്റെടുക്കൽ വ്യത്യസ്തമാണോ? സർക്കാരിന് ഇത്രയും ഭൂമി ആവശ്യമുണ്ടോ?

8. ശ്രീ കൂടച്ചീരെ പ്രദീപൻ

എത്ര ഭൂമിയാണ് ഏറ്റെടുക്കുന്നത് എന്ന് വ്യക്തമല്ല. ദേശീയപാതക്ക് കൊടുത്തതിനെക്കാൾ വില ലഭിക്കണം.

9. ശ്രീ കമലാക്ഷൻ. പി (പ്രിയദർശൻ വേണുഗോപാലിന് വേണ്ടി)

ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭാഗം കല്ലുകൊണ്ട് മതിൽ കെട്ടി സംരക്ഷിച്ചതാണ്. ആയിരം കല്ലെങ്കിലും ഉപയോഗിച്ചിരിക്കും. ഇവിടെ ഒരു പമ്പ് ഹൗസ്, ബോർ വെൽ, കൂടാതെ ടാങ്ക് വെക്കാനുള്ള സംവിധാനവുമുണ്ട്. മരങ്ങളും ഉണ്ട്. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. സ്ഥലം വിട്ടു നല്കാൻ തയാറാണ്.

10. ബേബി വിമല (ഗംഗാധരൻ കെ.വി.ക്കു വേണ്ടി )

വീട്ടുപറമ്പിൻറെ മതിലും, അതിനോട് ചേർന്നുള്ള കൃഷിയും നഷ്ടപ്പെടും. മുറ്റത്ത് തന്നെയാണ് കുറ്റിയടിച്ചിരിക്കുന്നത്. ഇത്രയും സ്ഥലം നഷ്ടപ്പെടുമ്പോൾ പ്രയാസമുണ്ട്. മതിലും ഗേറ്റും പോകും, തക്കതായ നഷ്ടപരിഹാരം വേണം.

11. ശ്രീമതി ടി. സുശീല

16 സെന്റ് സ്ഥലമാണ്. ഇത് നാല് പെണ്മക്കൾക്കായി നല്കാനുള്ളതാണ്. മണ്ണിട്ട് നികത്തി മതിലുകെട്ടിയ ഭൂമിയാണ്. ന്യായമായ വില ലഭിക്കണം.

12. ശ്രീ പി. സുരേന്ദ്രൻ (ഓട്ടോ തൊഴിലാളി പ്രതിനിധി)

റെയിൽവേ ഗേറ്റിനു സമീപത്തുള്ള ഓട്ടോസ്റ്റാൻഡ്, ഓരോ തൊഴിലാളിയും തുകയെടുത്ത് നിർമ്മിച്ച സ്റ്റാൻഡാണ്. ഇത് ഇല്ലാതാകുമ്പോൾ, സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തു സ്ഥാപിക്കാൻ സൗകര്യം ഒരുക്കി തരണം.

13. ശ്രീ ഷമ്മി നടക്കൽ ( കെ.പി. ഗോവിന്ദന് വേണ്ടി മകൻ )

35 വർഷമായി ഒരു കച്ചവടം നടത്തിവരുന്നു. റോഡ് പുതുക്കി പണിതപ്പോൾ അത് പഴയതിൽ നിന്നും ഒന്നര അടി പൊക്കത്തിലായി. ഇത് കടയിലേക്ക് വരുന്നവർക്ക് പ്രയാസം സൃഷ്ടിക്കുന്നു.റോഡിൽ നിന്നും കല്ല് തെറിച്ചു വീഴുന്നത് കടയിലേക്കാണ്. ഇനിയും റോഡിനു ഉയരം കൂടുമ്പോൾ കട നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. ഷോപ്പിൽ നിന്ന് കാലെടുത്തു വെക്കുന്നത് തന്നെ റോഡിലായിരിക്കും.

14. ശ്രീ ഷാജിത്ത് എൻ

എന്റെ കടയുടെ മുന്നിൽ തന്നെയാണ് കുറ്റിയടിച്ചിരിക്കുന്നത്. താഴെ ഒരു തോട് ഉണ്ട്. ഒഴുക്കില്ലാത്തതാണ്. റോഡ് വന്നാൽ തോട് മൂടപ്പെടാം. തോട് സംരക്ഷിക്കപ്പെടണം. കടയുടെ മുൻഭാഗം ഇല്ലാതാകും. കവുങ്ങ്, തെങ്ങ് ഇവ നഷ്ടപ്പെടും.

15. ശ്രീ വിജയൻ പി സി

ഭാര്യയുടെയും മക്കളുടെയും പേരിലുള്ള ഭൂമിയാണ്, മാർക്കറ്റ് വില നിശ്ചയിക്കുമ്പോൾ, രെജിസ്റ്റർ ചെയ്യുന്ന വില പൊതുവെ കുറവായിരിക്കും. ഇതേ പഞ്ചായത്തിലൂടെ കടന്നുപോകുന്ന NH ന്റെ ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കൊടുത്ത വില ആധാരമാക്കി വില നിശ്ചയിക്കണം. ഏറ്റെടുത്തു കഴിഞ്ഞാൽ ബാക്കി സ്ഥലം, ഉപയോഗശൂന്യമാകും, അതുകൂടി ഏറ്റെടുക്കാൻ നടപടിയുണ്ടാകണം.

16. ശ്രീ സുനിൽകുമാർ കെ.പി ( സി.പി. സന്തോഷ് കുമാർ വെയ്റ്റിംഗ് ഷെൽട്ടർ കമ്മിറ്റി)

നാല് ലക്ഷം രൂപ ചിലവഴിച്ച് ഒരു വെയ്റ്റിംഗ് ഷെൽട്ടർ നിർമ്മിച്ചിരുന്നു. ഇത് നാട്ടുകാർക്ക് വേണ്ടിയാണു നിർമ്മിച്ചത് . ഇത് പൊളിച്ചു മാറ്റപെടുമ്പോൾ പകരം ഒരു വെയ്റ്റിംഗ് ഷെൽട്ടർ നിർമ്മിക്കാനുള്ള ധനസഹായം ലഭിക്കുമോ എന്നറിയണം.

17. വിലാസിനി സി.സി ( വേണുഗോപാലൻ പി.സി. യുടെ ഭാര്യ)

എന്റെ പറമ്പിലുള്ള ഫല വൃക്ഷങ്ങളും, ടൈൽസ് പതിപ്പിച്ച നടവഴിയും മുറ്റവും നഷ്ടപ്പെടും. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.

18. ശ്രീ ഗിരീഷ് കുമാർ എം. ഇ ( എം. ഇ ഹരീഷ് കുമാറിന് വേണ്ടി )

ആകെ 6 സെന്റ് സ്ഥലമാണ്. ഇവിടെ വീടെടുത്ത് താമസിക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 2 സെന്റ് സ്ഥലം നഷ്ടപ്പെടും. ബാക്കി നാല് സെന്റാണുണ്ടാകുക. മാർക്കറ്റ് വില നിർണയിച്ച്, അതിനനുസരിച്ച നഷ്ടപരിഹാരം ലഭിക്കണം. ബാക്കി സ്ഥലവും ഏറ്റെടുക്കണം. മാർക്ക് ചെയ്ത സ്ഥലത്തിന്റെ അതെ വില തന്നെ ബാക്കി സ്ഥലത്തിനും നൽകി ഏറ്റെടുക്കണം. സ്ഥലത്തിന്റെ വില അറിഞ്ഞു വേണം ബാക്കിയും നല്കാൻ.

19. ശ്രീ രാജേന്ദ്രൻ. ഇ (സരളാദേവിക്കു വേണ്ടി )

സ്ഥലം അടയാളപ്പെടുത്തുമ്പോൾ ഞങ്ങളെ അറിയിച്ചിരുന്നില്ല. ന്യായമായ വില ലഭിക്കണം. മതിലിനും വില കിട്ടണം. ഇനി വരുന്ന സമയത്ത് വിവരം അറിയിക്കണം.

20. ശ്രീ രമേശൻ ടി

കെ.വി. മുരളീധരന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കച്ചവടം ചെയ്യുന്നു.കടയുടെ മുന്നിൽ രണ്ടു ഭാഗത്തായി ഷീറ്റുകൊണ്ടു സീലിംഗ് നിർമ്മിച്ചത് ഞാനാണ്. ഉടമക്ക് നഷ്ടപരിഹാരം നൽകുമ്പോൾ, ഇതിനു ചിലവഴിച്ച തുകയ്ക്കുള്ള നഷ്ടപരിഹാരം ലഭിക്കണം.

21. ആർ . രാമചന്ദ്രൻ ( ഡോ. ഗോപിനാഥ മല്ലർക്ക് വേണ്ടി )
കുറ്റിയടിക്കുമ്പോൾ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് സംബന്ധമായി ഇനിയെന്തെങ്കിലും നടപടി വരുമ്പോൾ മുൻകൂട്ടി അറിയിക്കണം.

ഈ നിർദ്ദേശങ്ങൾ അർത്ഥനാധികാരിയായ കെ റെയിൽ ജനറൽ മാനേജർക്ക് അയച്ച് കൊടുത്തിരുന്നു. അർത്ഥനാധികാരി 13.12.2021 ന് അയച്ച അഭിപ്രായങ്ങൾ താഴ െകാണിച്ചി രിക്കുന്നു.

6. പാലം നിർമ്മാണം കഴിയുമ്പോൾ താഴെയുള്ള വീടുകളിലേക്കുള്ള ഗതാഗത സൗകര്യത്തിനായാണ് സർവ്വീസ് റോഡുകൾ പാലത്തിന് ഇരുവശവുമായി വിഭാവനം ചെയ്തിട്ടുള്ളത്. വാഹനങ്ങൾക്കുള്ള സഞ്ചാരപാത, കാന, ടെലിഫോൺ കേബിളുകൾ, കുടിവെള്ള വിതരണ പൈപ്പുകൾ. നടപ്പാത തുടങ്ങിയ സൗകര്യങ്ങൾ സർവ്വീസ് റോഡിൽ ഉ ാകും. ഇതിനായി ചുരുങ്ങിയ അളവിൽ 4.5 മീറ്റർ വീതിയിൽ മാത്രമേ സർവ്വീസ് റോഡിനായി ഏറ്റെടുക്കുന്നുള്ളൂ.അതിനാൽ ഇതിൽ നിന്നും 3 മീറ്റർ കുറക്കണമെന്ന നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുകയില്ല.

7. റെയിൽവെ മേൽപ്പാലവും സിൽവർലൈനും നടപ്പിലാക്കുന്നത് കെ റെയിൽ ആണെങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ വ്യത്യസ്തമായിരിക്കും

13. സർവ്വീസ് റോഡിൽ നിന്നും എല്ലാ പ്ലോട്ടിലേക്കും വാഹന ഗതാഗതത്തിനുള്ള സൗകരംയ ഉ ായിരിക്കും.

14. തോട് സംരക്ഷിച്ചുകൊ ് സർവ്വീസ് റോഡ് നിർമ്മിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

19. സ്ഥലം അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി കെ- റെയിൽ എഞ്ചിനീയർമാർ സ്ഥല പരിശോധന നടത്തുകയും നിലവിൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഭുവുടമകളുമായി ചർച്ച നടത്തുകയും പ്രവർത്തിയെപ്പറ്റി മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രദേശത്ത് താമസക്കാരല്ലാത്ത ഭൂവുടമകളുടെ ലഭ്യമായ വിവരങ്ങൾക്കനുസരിച്ച് ടെലിഫോണിലൂടെ പദ്ധതിയെപ്പറ്റിയും അടയാളപ്പെടുത്തുന്ന പ്രവർത്തിയെപ്പറ്റിയും മുൻകൂട്ടി അറിയിച്ചിരുന്നു.

21. സ്ഥലം അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി കെ- റെയിൽ എഞ്ചിനീയർമാർ സ്ഥല പരിശോധന നടത്തുകയും നിലവിൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഭുവുടമകളുമായി ചർച്ച നടത്തുകയും പ്രവർത്തിയെപ്പറ്റി മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രദേശത്ത് താമസക്കാരല്ലാത്ത ഭൂവുടമകളുടെ ലഭ്യമായ വിവരങ്ങൾക്കനുസരിച്ച് ടെലിഫോണിലൂടെ പദ്ധതിയെപ്പറ്റിയും അടയാളപ്പെടുത്തുന്ന പ്രവർത്തിയെപ്പറ്റിയും മുൻകൂട്ടി അറിയിച്ചിരുന്നു.

## Land assessment

## Describe with the help of maps information from land inventory and primary sources.

പദ്ധതിക്ക് ആവശ്യമായ ഭൂമി

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

ഈ പദ്ധതിക്കായി കുഞ്ഞിമംഗലം അംശം ദേശത്തിലെ താഴെ വിശദീകരിച്ചിരിക്കുന്ന ഭൂമി യാണ്.

ഈ നിർദ്ദേശങ്ങൾ അർത്ഥനാധികാരിയായ കെ റെയിൽ ജനറൽ മാനേജർക്ക് അയച്ച് കൊടുത്തിരുന്നു. അർത്ഥനാധികാരി 13.12.2021 ന് അയച്ച അഭിപ്രായങ്ങൾ താഴ െകാണിച്ചി രിക്കുന്നു.

6. പാലം നിർമ്മാണം കഴിയുമ്പോൾ താഴെയുള്ള വീടുകളിലേക്കുള്ള ഗതാഗത സൗകര്യ ത്തിനായാണ് സർവ്വീസ് റോഡുകൾ പാലത്തിന് ഇരുവശവുമായി വിഭാവനം ചെയ്തിട്ടു ള്ളത്. വാഹനങ്ങൾക്കുള്ള സഞ്ചാരപാത, കാന, ടെലിഫോൺ കേബിളുകൾ, കുടിവെള്ള വിതരണ പൈപ്പുകൾ. നടപ്പാത തുടങ്ങിയ സൗകര്യങ്ങൾ സർവ്വീസ് റോഡിൽ ഉ ാകും. ഇതിനായി ചുരുങ്ങിയ അളവിൽ 4.5 മീറ്റർ വീതിയിൽ മാത്രമേ സർവ്വീസ് റോഡിനായി ഏറ്റെടുക്കുന്നുള്ളൂ.അതിനാൽ ഇതിൽ നിന്നും 3 മീറ്റർ കുറക്കണമെന്ന നിർദ്ദേശം പ്രായോ ഗികമായി നടപ്പിലാക്കാൻ സാധിക്കുകയില്ല.

7. റെയിൽവെ മേൽപ്പാലവും സിൽവർലൈനും നടപ്പിലാക്കുന്നത് കെ റെയിൽ ആണെ ങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ വ്യത്യസ്തമായിരിക്കും

13. സർവ്വീസ് റോഡിൽ നിന്നും എല്ലാ പ്ലോട്ടിലേക്കും വാഹന ഗതാഗതത്തിനുള്ള സൗക രംയ ഉ ായിരിക്കും.

14. തോട് സംരക്ഷിച്ചുകൊ ് സർവ്വീസ് റോഡ് നിർമ്മിക്കുന്ന രീതിയിലാണ് പദ്ധതി വിഭാ വനം ചെയ്തിട്ടുള്ളത്.

19. സ്ഥലം അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി കെ- റെയിൽ എഞ്ചിനീയർമാർ സ്ഥല പരിശോധന നടത്തുകയും നിലവിൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഭൂവുടമകളു മായി ചർച്ച നടത്തുകയും പ്രവർത്തിയെപ്പറ്റി മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രദേശത്ത് താമസക്കാരല്ലാത്ത ഭൂവുടമകളുടെ ലഭ്യമായ വിവരങ്ങൾക്കനുസരിച്ച് ടെലിഫോണിലൂടെ പദ്ധതിയെപ്പറ്റിയും അടയാളപ്പെടുത്തുന്ന പ്രവർത്തിയെപ്പറ്റിയും മുൻകൂട്ടി അറിയിച്ചിരുന്നു.

21. സ്ഥലം അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി കെ- റെയിൽ എഞ്ചിനീയർമാർ സ്ഥല പരിശോധന നടത്തുകയും നിലവിൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഭുവുടമകളുമായി ചർച്ച നടത്തുകയും പ്രവർത്തിയെപ്പറ്റി മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. പദ്ധതി പ്രദേശത്ത് താമസക്കാരല്ലാത്ത ഭൂവുടമകളുടെ ലഭ്യമായ വിവരങ്ങൾക്കനുസരിച്ച് ടെലിഫോണിലൂടെ പദ്ധതിയെപ്പറ്റിയും അടയാളപ്പെടുത്തുന്ന പ്രവർത്തിയെപ്പറ്റിയും മുൻകൂട്ടി അറിയിച്ചിരുന്നു.

| ക്രമ നമ്പർ | വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | കുഞ്ഞിമംഗലം | 331 | മൊത്തം 0.37 ഹെക്ടർ കൃത്യമായി ഓരോരുത്തരുടെയും അളന്ന് തിട്ടപ്പെടുത്തണം |
| 2 | കുഞ്ഞിമംഗലം | 337 | |
| 3 | കുഞ്ഞിമംഗലം | 373 | |
| 4 | കുഞ്ഞിമംഗലം | 374 | |
| 5 | കുഞ്ഞിമംഗലം | 375 | |
| 6 | കുഞ്ഞിമംഗലം | 376 | |
| 7 | കുഞ്ഞിമംഗലം | 378 | |

ഏറ്റെടുക്കപ്പെടേ ഭൂമി സംബന്ധിച്ച പ്രാഥമിക വിവരം ജില്ലാ കളക്ടർ ഓഫീസിൽ നിന്നും തുടർന്ന് കുഞ്ഞിമംഗലം വില്ലേജ് ഓഫീസിൽ നിന്നുമാണ് ലഭിച്ചത്. എന്നാൽ ഉടമകളെ സംബന്ധിച്ച വ്യക്തമായ വിവരം താമസക്കാരിൽ നിന്നും മറ്റ് സമീപ വാസികളിൽ നിന്നുമാണ് ലഭിച്ചത്. സർവ്വേ നമ്പർ 337 ലെ ഭൂമിയും സബ് ഡിവിഷൻ കഴിയാത്തതുകൊ ാണ് ഉടമകളുടെ വിവരം ലഭിക്കാൻ വൈകിയത്. ഒഴിഞ്ഞ പറമ്പ് ആയതിനാലും ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കാൻ കാലതാമസം നേരിട്ടു.

ഏഴിലോട് പുതിയ പുഴ റോഡിൽ 259-ാം നമ്പർ ലെവൽ ക്രോസിന്റെ കിഴക്ക് ഭാഗത്ത് സർവ്വേ നമ്പർ 376 ൽപ്പെടുന്ന പ്രദീപന്റെയും 378 ൽപ്പെടുന്ന ശ്യാമള പി സി യുടെയും സ്ഥലത്ത് നിന്നും ആരംഭിച്ച് റോഡിന്റെ ഇരുവശങ്ങളിലെയും മാർക്ക് ചെയ്ത സ്ഥലങ്ങൾ ഗേറ്റ് കടന്ന് സർവ്വേ നമ്പർ 337 ലെ എം ഇ ഹരീഷ്കുമാർ, സരളാദേവി എന്നിവരുടെ ഭൂമി വരെയാണ് ഈ സ്ഥലം

**Entire area of impacts under the influence of the project. (not limited to land area for acquisition)**

ഈ സ്ഥലം ഏറ്റെടുക്കപ്പെടുന്നത് കൊ ുള്ള ആഘാതം ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ ഒതുങ്ങുന്നു. പ്രധാനമായും സമീപന റോഡിനും സർവ്വീസ് റോഡിനുമാണ് സ്ഥലം ഉപയോഗിക്കുന്നു.

**Total land required for the project -**ഈ പദ്ധതിക്ക് 37.07 ആർ ഭൂമിയാണ് ആവശ്യമായി വരുന്നത്

**Present use of any public, utilized land in the vicinity of the project area**

റെയിൽവെ ഗേറ്റിന് വടക്ക് ഭാഗത്ത് റെയിൽവെ ലൈനിന്റെ ഇരുവശത്തുമായി ചേർന്ന് കിടക്കുന്ന റെയിൽവെ ഭൂമി സ്വകാര്യ ഭൂമിക്ക് പുറമെ ഉപയോഗിക്കുന്നു ്. ഇതിന് സമീപത്തായി ഒരു ഓട്ടോറിക്ഷ സ്റ്റാന്റും ഉ ്.

**Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project**

ഈ ആവശ്യത്തിനായി ഭൂമി വാങ്ങുകയോ, അന്യാധീനപ്പെടുത്തുകയോ ഒഴിപ്പിച്ച് എടുക്കുകയോ ചെയ്തിട്ടില്ല.

**Quantity and location of the land proposed to be acquired for the project**

ഈ പദ്ധതിക്കായി കുഞ്ഞിമംഗലം അംശംദേശത്തിൽപ്പെടുന്നതും നിലവിലുള്ള റെയിൽ പാളത്തിന്റെ ഏഴിലോട് ഭാഗത്തുള്ള റോഡിനോട് ചേർന്ന് 234.88 മീറ്ററും കുഞ്ഞിമംഗലം ഭാഗത്ത് റോഡിനോട് ചേർന്ന് 225.96 മീറ്ററും അടക്കം 37.07 ആർ ഭൂമിയുമാണ് ഏറ്റെടുക്കേ ി വരുന്നത്.

**Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses**

ഇതിൽ കൂടുതലും നഞ്ചയോ, തോട്ടമോ ആണ്. ഇത് കൃഷി ഭൂമി അല്ല. ഉടമസ്ഥർ താമസിക്കുന്ന വീട്ട് പറമ്പിന്റെ ഭാഗമാണ് കൂടുതലും. മറ്റുള്ള സ്ഥലം പൊതുവെ കൃഷി ചെയ്യ്ാതെ തരിശായി കിടക്കുകയാണ്. പറമ്പുകളിൽ മാവ്, തെങ്ങ്, പടുമരം എന്നിവ കൂടാതെ വീട്ട് പറമ്പിന്റെ ഭാഗത്ത് അടുക്കള തോട്ടം പോലെ പച്ചക്കറി കൃഷി നടത്തിവ

രുന്നു.തു ് തു ായിട്ടുള്ള ഭൂമിയാണ്, ഇതിൽ ജന്മവും പരമ്പരാഗതമായി വന്നു ചേർന്നതും വിലയ്ക്ക് വാങ്ങിയ ഭൂമിയും ഉ ്. ഈ ഭൂമിയോട് ചേർന്ന് റെയിൽവെ ലൈനിന് പടിഞ്ഞാറ് ഭാഗത്ത് റോഡിന്റെ ഇരുവശങ്ങളിലുമായി മൂന്ന് കുടുംബം താമസി ക്കുന്നു. അതുപോലെ റെയിൽവെ പാളത്തിന്റെ കിഴക്ക് ഭാഗത്ത് റോഡിന്റെ ഒരു വശത്ത് ര ് കുടുംബവും താമസിക്കുന്നു.

## Land prices and recent changes in ownership, transfer and use of lands over the last 3 years

റോഡിന്റെ വശങ്ങളിലുള്ള ഭൂമിക്ക് സെന്റിന് ര ് ലക്ഷത്തിലേറെ വിലയു ് എന്ന് അന്വേ ഷണത്തിൽ അറിയാൻ സാധിച്ചു. കഴിഞ്ഞ ആറ് മാസത്തിനിടെ ഉടമസ്ഥാവകാശം കൈമാ റിയ ഒരു വിഷയം ഉ ്. ശ്രീ ധർമ്മരാജൻ സി സി എന്ന ഭൂ ഉടമസ്ഥൻ ഡോ. ഗണേഷ് മല്ലാർക്കും അദ്ദേഹത്തിന്റെ ഭാര്യ ഡോ. ആഷാപ്രീതംജിക്കും സമീപകാലത്ത് വില്പന നട ത്തിയിട്ടു ്. ആധാരത്തിൽ ഒരു സെന്റിന് 33,000/ രൂപയാണ് കാണിച്ചിരിക്കുന്നത് എന്ന് അന്വോഷണത്തിൽ അിറയാൻ കഴിഞ്ഞു. ഇവിടയെുള്ള ഭൂമിയിൽ പച്ചക്കറി കൃഷിയും തെങ്ങുകളും മാവും മറ്റുമാണുള്ളത്. കൃഷി ഭൂമിയിൽപ്പെടുത്താവുന്ന ഭൂമിയല്ല കുറച്ച് തരി ശായി കിടക്കുന്നു ്.

## Estimation and enumeration (where required) of affected families and assets

## Estimation of families

### (a) Families which are directly affected (own land that is proposed to be acquired)

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ റെയിൽവെ പാളത്തിന്റെ പടിഞ്ഞാറ് വശം സർവ്വേ നമ്പർ (331,337), കിഴക്ക് വശം (373,374,375,376,378) എന്നീ ര ് ഭാഗങ്ങളായി ക്രമീകരിച്ചിരി ക്കുന്നു.

പടിഞ്ഞാറ് വശത്ത് താമസിക്കുന്ന, ഭൂമി ഏറ്റെടുക്കുന്നത് നേരിട്ട് ബാധിക്കുന്നവർ

| ക്രമ നമ്പർ | പേര് | സ്ഥലം |
|---|---|---|
| 1 | സന്തോഷ്കുമാർ പി | തെക്കുമ്പാട് |
| 2 | വിശ്വനാഥൻ പി | തെക്കുമ്പാട് |
| 3 | ജാനകി പുളിയാങ്കോട് | തെക്കുമ്പാട് |
| 4 | പടേനി സുധാകരൻ (Late) | തെക്കുമ്പാട് |
| 5 | ഡോ.ഗോപിനാഥ മല്ലാർ | പയ്യന്നൂർ |
| 6 | ഭാസ്ക്കരമല്ലാർ | തെക്കുമ്പാട് |

| | | |
|---|---|---|
| 7 | ബാലകൃഷ്ണൻ കോളങ്കട | തെക്കുമ്പാട് |
| 8 | വിജയൻ പി സി | പയ്യന്നൂർ |
| 9 | ഡോ.ഗണേഷ് മല്ലർ | തെക്കുമ്പാട് |
| 10 | സരളാദേവി സി സി | തെക്കുമ്പാട് |
| 11 | ഹരീഷ്കുമാർ | മംഗലം,കാരന്താട്, കുന്നെരു |
| 12 | വേണുഗോപാലൻ പി സി | തെക്കുമ്പാട് |
| 13 | പ്രഭാകരമല്ലാർ | മംഗലാപുരം |

ഇതിൽ ക്രമനമ്പർ 1,2,3,12 എന്നിവർ ഇപ്പോൾ താമസിച്ചു വരുന്ന വീട്ടുപറമ്പിന്റെ ഭാഗമാണ് ഏറ്റെടുക്കപ്പെടുന്ന ഭൂമി.

കിഴക്ക് വശം

| ക്രമ നമ്പർ | പേര് | സ്ഥലം |
|---|---|---|
| 1 | തോട്ടത്തിൽ സുശീല | തെക്കുമ്പാട് |
| 2 | സുശീല (W/o കെ പി ഗോപാലൻ) | തലായ് |
| 3 | കൃഷണൻകുട്ടി കെ | തലായ് |
| 4 | ഗംഗാധരൻ കെ വി | തലായ് |
| 5 | കോളങ്കട വീട്ടിൽ മുരളീധരൻ | തലായ് മുക്ക് |
| 6 | ഷാജിത് നാരൻകുളങ്ങര | തലായ് |
| 7 | കെ പി ഗോവിന്ദൻ | തലായ് |
| 8 | സുരേഷ് പി വി | തലായ് |
| 9 | മണ്റ്യൻ കുഞ്ഞിരാമൻ | തലായ് |
| 10 | രാജൻ പി വി, പുതിയപുരയിൽ | തലായ് |
| 11 | രമേശൻ പട്ട്വക്കാരൻ | കോറോം |
| 12 | പടേനി ശശീന്ദ്രൻ | തലായ് |
| 13 | പ്രദീപ്കുമാർ | തലായ് |
| 14 | പ്രിയദർശൻ വേണുഗോപാലൻ | അന്നൂർ |
| 15 | ശ്യാമള പി വി | ക ംകുളങ്ങര |

ഇതിൽ 2,4,7,9 എന്നിവർ താമസിച്ച് വരുന്ന പറമ്പിന്റെ ഭാഗമാണ്

## Family of scheduled tribes and other traditional forest dwellers who have lost any of their forest rights.

ഇവിടെ അത്തരത്തിലുള്ള ഗിരിവർഗ്ഗക്കാർ താമസിക്കുന്നില്ല.

## Families which depend on common property resources which will be affected due to acquisition of land for their livelihood

ഇവിടെ തലായ്മുക്കിൽ 22 ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്ന ഓട്ടോ സ്റ്റാന്റു ്. ഇവിടെ നിന്ന് ഏകദേശം 4 കി മീറ്റർ അകലെയുള്ള ഏഴിലോട് ഓട്ടോസ്റ്റാന്റിൽ നിന്നും വന്ന ഒരു വിഭാഗമാണ് ഇവിടെയുള്ളത്. 30 കൊല്ലമായി ഇവിടെ പ്രവർത്തിച്ച് വരുന്നു. റെയിൽവേ സ്ഥലത്ത് മണ്ണിട്ട് നികത്തി ഒരു സ്റ്റാന്റ് പോലെയാക്കിയത് ഡ്രൈവർമാരുടെ കൂട്ടായശ്രമഫലമായാണ്. ഇവിടെ മേൽപ്പാലം വരുമ്പോൾ ഈ സ്റ്റാന്റിന്റെ പ്രസക്തി ഇല്ലാതാകും ഇവർക്ക് തൊഴിൽ നഷ്ടമാകാനിടയു ്. ഇവരുടെ ജീവനോപാധിയെ ഈ ഭൂമി ഏറ്റെടുക്കൽ സാരമായി ബാധിക്കും.

**<u>Families which have been assigned land by the state government or the central government under any of its schemes and such land is under acquisition</u>**

ഇല്ല

**<u>Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land-</u>** ഇല്ല

(a). Families which are indirectly impacted by the project (not affected directly by the acquisition of own land)

ഇല്ല

### (b) Inventory of productive assets and significant lands

| ക്രമ നമ്പർ | ഉടമ | ഉല്പാദന ക്ഷമതയുള്ള ആസ്തികൾ, പ്രധാനപ്പെട്ട ഭൂമിയും |
|---|---|---|
| 1 | സന്തോഷ്കുമാർ പി | മതിലിന്റെ അല്പ ഭാഗം പോകും |
| 2 | വിശ്വനാഥൻ പി | തെങ്ങ് വലുത് 6, ചെറുത് 2, മഞ്ഞൾ കൃഷിയും കൃഷി ഭൂമിയും ഇല്ലാതാകുന്നു. വീട്ട് പറമ്പിന്റെ മൂന്ന് ഭാഗത്തായി 5 അടി ഉയരത്തിലുള്ള 20 മീറ്റർ നീളത്തിലുള്ള മതിലും ഗേറ്റും കല്ല് പാകിയ മുറ്റവും ഇല്ലാതാകുന്നു. വീട്ടുമുറ്റത്ത് വാഹനം പാർക്ക് ചെയ്യാൻ പ്രയാസമാണ്. |
| 3 | ജാനകി പുളിയാങ്കോട് | മഹാഗണി, മാവ്, കശുമാവ്, അത്തിമരം, പടുമരം എന്നിവ ഒന്ന് വീതം. ഇതിൽ കുരുമുളക് വള്ളി പടർത്തിയിട്ടു ്. |
| 4 | പടേനി സുധാകരൻ (Late) | ഇല്ല |

| | | |
|---|---|---|
| 5 | ഭാസ്ക്കരമല്ലാർ | മഹാഗണി, മരുത് ഒന്ന് വീതം |
| 6 | ബാലകൃഷ്ണൻ കോള ങ്കട | നെൽ വയലിന്റെ ചെറിയ ഭാഗം |
| 7 | വിജയൻ പി സി | തരിശ് ഭൂമി |
| 8 | ഡോ.ഗണേഷ് മല്ലർ | പത്തിലധികം വാഴകൾ ഉ ്. 2 അടി പൊക്കത്തിൽ ഏകദേശം 30 മീറ്റർ മതിൽ പൊളിക്കേ ി വരും |
| 9 | സരളാദേവി സി സി | ഇല്ല |
| 10 | ഹരീഷ്കുമാർ എം ഇ | ഇല്ല |
| 11 | വേണുഗോപാലൻ പി സി | ഭൗമ സൂചിക പദവി നേടിയ കുറ്റ്യാട്ടൂർ മാവിന്റെ ഇനത്തിൽപ്പെടുന്ന കുഞ്ഞിമം ഗലം മാവ് 4 എണ്ണം പാട്ടത്തിന് കൊടു ക്കുന്നത്. തെങ്ങ് 8 വലുത്, ചെറുത് 1, 5 അടി ഉയരത്തിലും ഏകദേശം 60 മീറ്റർ നീളത്തിലും മതിലും ഗേറ്റും കല്ല് പാകിയ മുറ്റവും നഷ്ട്ടപ്പെടും |
| 12 | പടേനി ശശി | ഇല്ല |
| 13 | പ്രഭാകര മല്ലർ | 5 തെങ്ങ് |
| 14 | ഡോ. ഗോപിനാഥ മല്ലർ | ഒരു ഓടിട്ട ഷെഡ്ഡ്, കിണർ (ഇപ്പോൾ ഉപ യോഗ ശൂന്യം) ഒരു മാവ് |
| 15 | ടി സുശീല | 2 തെങ്ങ്, പറമ്പിനും റോഡിനുമിടയി ലുള്ള ചെറിയ തോട് സമീപത്തുള്ള ഓവ് പാലത്തിനടിയിലൂടെ തച്ചോളി സ്റ്റോറിന്റെ മുന്നിലെത്തുന്നു. |
| 16 | ശ്രീമതി സുശീല (W/o കെ പി ഗോപാലൻ) | റോഡിനോട് ചേർന്ന് 3 മുറികളുള്ള ഒരു കടയു ്. ഇതിൽ ഉടമ തന്നെ ചെരിപ്പ് കട നടത്തുന്നു. റൂമിനോട് ചേർന്നാണ് മാർക്ക് ചെയ്തിരിക്കുന്നത് |
| 17 | കൃഷ്ൻകുട്ടി | ഇല്ല |
| 18 | ഗംഗാധരൻ കെ വി | വീടിന്റെ മുൻഭാഗത്തെ നാലര മീറ്റർ ഉയ രത്തിലും 8 മീറ്റർ നീളത്തിലുമുള്ള മതിൽ പൊളിച്ച് മാറ്റണം |
| 19 | കോളങ്കട വീട്ടിൽ മുരളീ ധരൻ | ഇദ്ദേഹത്തിന്റെ കട വാടകയ്ക്ക് നടത്തു ന്നത് തച്ചോളി രമേശൻ ആണ്. കടയുടെ തൂണിനോട് ചേർന്നാണ് കുറ്റിയടിച്ചത്. ഭാഗികമായി ബാധിക്കുന്നു. ഇദ്ദേഹ ത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ളതും മനോജ് വാടകയ്ക്ക് നടത്തിവരുന്ന ടേസ്റ്റി ഹോട്ടലിനെയും ബാധിക്കും. |

| | | |
|---|---|---|
| 20 | ഷാജിത്ത് എൻ | കായ്ച്ച് നിൽക്കുന്ന 12 കവുങ്ങുകൾ ഉ ് |
| 21 | കെ പി ഗോവിന്ദൻ | 35 വർഷമായി നിമ്മി ട്രേഡേഴ്സ് നടത്തി വരുന്നു. 2 മീറ്റർ നീളത്തിൽ കടയുടെ മുൻഭാഗത്തെ ബാധിക്കും .റോഡ് ഉയർത്തിയാൽ കട പൂർണ്ണമായും ഉപയോഗ ശൂന്യമാകും. റോഡ് ഉ ായിരുന്നാൽ പോലും ഉപയോഗിക്കാൻ പറ്റാതെ വരും. കുറച്ച് വാഴകളും ഇവിടെയു ്. |
| 22 | സുരേഷ് പി വി | റോഡിനോട് ചേർന്ന് 3 മുറി ഷോപ്പ് . ഇതിൽ ഒരു സ്റ്റുഡിയോ, ശ്രുതി സ്റ്റോർ, സ്വർണ്ണക്കട എന്നിവയു ്. റോഡിന് അഭിമുഖമായി നിർമ്മിച്ച വരാന്ത പൊളിക്കേ ി വരും |
| 23 | മണ്ട്യൻ കുഞ്ഞിരാമൻ | ഒരു തെങ്ങ്, ഒരു കവുങ്ങ്, 2 മാവ് നഷ്ട്ടപ്പെടും കൂടാതെ 2 മീറ്റർ നീളത്തിൽ 5 അടി ഉയരത്തിലുള്ള മതിലും ഗേറ്റും പൊളിക്കണം. ഇദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള 3 മുറികളുള്ള കടകളിൽ ഒന്നിൽ പ്രദീപ്കുമാർ കച്ചവടം നടത്തുന്നു. ഒന്നിൽ ഫർണ്ണിച്ചർ കടയും ഒന്നിൽ ഉടമ തന്നെ വെളിച്ചെണ്ണ കടയും നടത്തുന്നു. മുൻ ഭാഗം മാത്രം അല്പം ബാധിക്കും |
| 24 | രാജൻ പുതിയപുരയിൽ | ഈ പറമ്പിൽ 3 തെങ്ങുകളും, സപ്പോട്ട, പ്ലാവ്, തേക്ക്, മാവ് എന്നിവ ഓരോന്നും 4 ചെറിയ കവുങ്ങുകളും ആണുള്ളത്. |
| 25 | രമേശൻ പി (Late) | ഒഴിഞ്ഞ പറമ്പാണ്. 10 മീറ്റർ നീളത്തിലുള്ള ഒരു അതിർ മതിലു ്. |
| 26 | പ്രിയദർശൻ വേണുഗോപാലൻ | ഇദ്ദേഹത്തിന്റെ പറമ്പിൽ അടയാളപ്പെടുത്തിയ ഭാഗത്ത് ഒരു കുഴൽ കിണർ, ടാങ്ക് വയ്ക്കാനുള്ള സൗകര്യം ഒരുക്കിയിട്ടു ്. നീളത്തിലുള്ള മതിലു ്. നാല് അക്കേഷ്യ മരങ്ങളും ഉ ് |
| 27 | പടേനി രവീന്ദ്രൻ | ഇദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സഞ്ജന ഗാർമെന്റ്സ് 3 വർഷമായി നടത്തി വരുന്നു ്. ഏകദേശം 25 വർഷം പഴക്കമുള്ള കെട്ടിടമാണ്.മാർക്കിൽ നിന്ന് ഒരടി അകലെയാണ്. |
| 28 | ശ്യാമള പി സി | 10 മീറ്റർ നീളത്തിൽ ഒരു മതിലു ്. |

ഇവിടെ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു ട്രാൻസ്ഫോർമർ ഉ ്. ഇത് കുതിരുമ്മൽ എന്ന സ്ഥലത്താണ്. KLM ARY- 46 B എന്ന നമ്പറിൽ 11 KV Vol/440 V AC എന്ന് രേഖപ്പെടുത്തിയിട്ടു ്. ഇത് കൂടാതെ തലായ് മുക്കിൽ , ഏഴിമല റെയിൽവെ മുത്തപ്പൻ ക്ഷേത്രത്തിന്റേതായ ഒരു ഭണ്ഢാരവും ബി. എസ് എൻ എൽ ന്റെ ഒരു ഫില്ലറും സ. വി പി സന്തോഷ്കുമാറിന്റെ സ്മരണയ്ക്കായി നിർമ്മിച്ച ഒരു ബസ്സ് വെയിറ്റിംഗ് ഷെൽട്ടറുമു ്. ഓട്ടോ സ്റ്റാന്റിന് സമീപത്തായി മൂന്ന് വലിയ മരങ്ങളും ഉ ് (റെയിൻ ട്രീ- സോഫ്റ്റ് വുഡ്). ഇത് കൂടാതെ ലെവൽക്രോസിന്റെ ഇരുഭാഗത്തുള്ള റോഡിൽ തെക്കുമ്പാട് ഭാഗത്ത് ഏഴും, തലായ് – കുതിരുമ്മൽ ഭാഗത്ത് പന്ത്ര ും വൈദ്യത തൂണുകളും അതിൽ ലൈനുകളും ഉ ്.

## Socio- economic and cultural profile (affected area and resettlement site)

## Demographic details of the population in the project area

ഈ പദ്ധതി പ്രദേശം ഏഴിലോട് – ഏഴിമല റോഡിന്റെ ഭാഗമാണ്. കൂടാതെ ഏഴിമല റെയിൽവെ സ്റ്റേഷൻ, ഗോപാൽ യു പി സ്ക്കൂൾ, ഏഴിമല റെയിൽവെ മുത്തപ്പൻ ക്ഷേത്രം, മൊഹിയുദ്ദീൻ മസ്ജിദ് എന്നിവ ഈ പദ്ധതി പ്രദേശത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നു. അതിനാൽ തന്നെ സ്ഥിര താമസക്കാരേക്കാൾ കൂടുതൽ, വിവിധ ആവശ്യങ്ങൾക്കായി വന്ന് പോകുന്നവരുടെ ആധിക്യമുള്ള പ്രദേശമാണ്. പദ്ധതി പ്രദേശത്ത് റെയിൽവെ ഗേറ്റിന് പടിഞ്ഞാറ് ഭാഗത്ത് 4 വീടുകളാണുള്ളത്.

| ക്രമ നമ്പർ | പേര് | കുടുംബാംഗങ്ങൾ |
|---|---|---|
| 1 | സന്തോഷ്കുമാർ പി | അച്ഛൻ, അമ്മ, സന്തോഷ്കുമാറിന്റെ ഭാര്യ, മകൾ, സന്തോഷ്കുമാർ വിദേശത്ത് ജോലി ചെയ്യുന്നു |
| 2 | വിശ്വനാഥൻ പി | വിശ്വനാഥൻ, ഭാര്യ, ര ് കുട്ടികൾ |
| 3 | ജാനകി പുളിയാങ്കോട് | ജാനകിയും മകനും താമസിക്കുന്നു |
| 4 | വേണുഗോപാലൻ പി സി | വേണുഗോപാലൻ, ഭാര്യ, മകൻ, മകന്റെ ഭാര്യ, കുട്ടി |

ആകെ ഈ ഭാഗത്ത് 16 പേർ താമസിക്കുന്നു

റെയിൽവെ ഗേറ്റിന് കിഴക്ക് ഭാഗത്തായി 4 കുടുംബങ്ങൾ താമസിക്കുന്നു.

| ക്രമ നമ്പർ | പേര് | കുടുംബാംഗങ്ങൾ |
|---|---|---|
| 1 | കെ പി ഗോപാലൻ | ഗോപാലൻ, ഭാര്യ, മകൾ, മകന്റെ ഭാര്യ, 2 കുട്ടികൾ |
| 2 | ഗംഗാധരൻ | വിശ്വനാഥൻ, ഭാര്യ, ര ് കുട്ടികൾ |
| 3 | മണ്ഠ്യൻ കുഞ്ഞിരാമൻ | കുഞ്ഞിരാമൻ, ഭാര്യ, 2 ആൺ മക്കൾ, ര ് പേരുടെ ഭാര്യമാർ, മൂന്ന് കുട്ടികൾ |
| 4 | കെ പി ഗോവിന്ദൻ | ഗോവിന്ദൻ, ഭാര്യ, മകൾ |

ഇവിടെ 22 പേർ താമസിക്കുന്നു. ആകെ 39 പേർ 8 വീടുകളിലായി താമസിച്ചു വരുന്നു.

## Income and poverty levels

പദ്ധതി പ്രദേശത്ത് താമസിച്ച് വരുന്ന എട്ട് കുടുംബങ്ങളിൽ, മൂന്ന് കുടുംബനാഥന്മാർ, വിമുക്തഭടന്മാർ, ര ് പേർ വിദേശത്ത് ജോലി ചെയ്യുന്നു. ര ് പേർ കച്ചവടക്കാരാണ്. ഇവരൊക്കെ നല്ല സാമ്പത്തിക ശേഷിയുള്ളവരാണ്. പുളിയാങ്കോട് ജാനകി തൊഴിലുറപ്പ് പദ്ധതിയിൽ സേവനം ചെയ്യുന്നു. മകൻ ദേവസ്വം ബോർഡിൽ ജോലി ചെയ്യുന്നു. ആരും തന്നെ ദാരിദ്ര്യ രേഖക്ക് താഴെയില്ല.

## Vulnerable groups -ആരുമില്ല

## Land use and livelihood

ഏറ്റെടുക്കപ്പെടാൻ പോകുന്ന ഭൂമിയോട് ചേർന്ന് എട്ട് കുടുംബങ്ങൾ താമസിച്ചു വരുന്നതായി മുന്നേ സൂചിപ്പിച്ച് കഴിഞ്ഞതാണ്. നാല് കുടുംബം റെയിൽ പാളത്തിന് പടിഞ്ഞാറ് ഭാഗത്തും, 4 കുടുംബം റെയിൽ പാളത്തിന് കിഴക്ക് ഭാഗത്തുമായി താമസിക്കുന്നു. ഈ എട്ട് പേരുടെയും പറമ്പിൽ സാധാരണ വീട്ട് പറമ്പുകളിലേത് പോലെ ഫലവൃക്ഷങ്ങളും, പച്ചക്കറികൃഷിക്കുള്ള അടുക്കളതോട്ടത്തിനുമായി ഉപയോഗിക്കുന്നു.

നേരത്തെ വ്യക്തമാക്കിയത് പോലെ ഇവിടെ താമസിക്കുന്നവരിൽ മൂന്ന് പേർ വിമുക്ത ഭടന്മാരാണ്. അവരുടെ പെൻഷനാണ് മുഖ്യ വരുമാന മാർഗ്ഗം. ര ് കുടുംബനാഥന്മാർ വിദേശത്ത് ജോലി ചെയ്യുന്നു. 2 പേർ കച്ചവടം നടത്തി വരുന്നു. മറ്റൊരു വ്യക്തിയുടെ കുടുംബത്തിന്റെ ജീവനോപാധി മകന്റെ വരുമാനമാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ജീവനോപാധി തേടുന്നു. മറ്റ് ഉടമകൾക്ക് അവരുടെ സ്ഥലത്തുള്ള കെട്ടിടത്തിന്റെ വാടകയാണ് പ്രധാന ജീവനോപാധി.

## Local economic activities

ഈ പ്രദേശത്തെ പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ കച്ചവടവും കൃഷിയുമാണ്.

## Factors that contribute to local livelihood

സമീപപ്രദേശത്തുള്ള പ്രധാന കേന്ദ്രങ്ങളായ മുത്തപ്പൻ ക്ഷേത്രം, മൊഹിയുദ്ദീൻ പള്ളി, ഗോപാൽ യു പി സ്ക്കൂൾ, ഏഴിമല റെയിൽവെ സ്റ്റേഷൻ, ഓട്ടോ സ്റ്റാന്റ് എന്നിവിടങ്ങളെ ആശ്രയിക്കാൻ വരുന്നവർ ഈ മേഖലയിലെ ജീവനോപാധികളെ ഏറെ സഹായിക്കുന്നു ്.

## Kinship patterns and social and cultural organisations

ഈ പരിസരത്ത് എല്ലാം ഹിന്ദു അണുകുടുംബ മാതൃകയിലുള്ള കുടുംബസംവിധാനമാണ് നിലവിലുള്ളത്. ഇവിടെ ഓട്ടോറിക്ഷ,തൊഴിലാളി സംഘടന, മുത്തപ്പൻ ക്ഷേത്ര കമ്മിറ്റി, പുനർജനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് , തലായ് രചനതീയേറ്റർ, കുളം ബ്രദേഴ്സ് എന്നീ സാമൂഹ്യ, സാസ്ക്കാരിക സംഘടനകൾ ഈ പ്രദേശത്തിന്റെ സാമൂഹ്യ ഘടനയ്ക്ക് കരുത്ത് പകരുന്നവയാണ്.

## Administrative organisations

കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ X, XI വാർഡുകളിൽപ്പെടുന്ന പ്രദേശമാണ്. അതിനാൽ തന്നെ പ്രാദേശിക വികസനത്തിന് ഏറ്റവും താഴെ തട്ടിലുള്ളത് ഗ്രാമസഭ സംവിധാനമാണ്.

## Political organizations

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(M) ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നീ പാർട്ടികളുടെ സ്വാധീനം ഉ ്.

## Community based and civil society organisations

കുഞ്ഞിമംഗലം മല്ലിയോട്ട് പാലോട്ട് കാവിന്റെ കീഴിലുള്ള സംവിധാനത്തിൽ ഈ ഭാഗത്ത് വിവിധ ജാതി, മത വിഭാഗങ്ങൾ ഒത്തൊരുമിച്ച് സഹകരിച്ച് പ്രവർത്തിക്കുന്നു.

## Regional dynamics and historical change processess

സാമൂഹ്യസാമ്പത്തിക മേഖലകളിൽ ഏറെ പുരോഗതി പ്രാപിച്ചിരുന്ന മേഖലയായിരുന്നു ഇത്. എ ഡി ആറ് മുതൽ 11–ാം നൂറ്റാ ് വരെ ഏഴിമല ആസ്ഥാനമാക്കി ഭരിച്ചിരുന്ന മൂഷക വംശത്തിന്റെ കീഴിലുള്ള പ്രദേശം, വ്യാപാരവാണിജ്യ മേഖലകളിൽ ഏറെ മുന്നിലായി രുന്നു. ഈ പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ചങ്കുരിച്ചാൽ പുഴയിൽ കച്ചവടാവ ശ്യാർത്ഥം കപ്പലുകൾ വരെ വന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. കൂടാതെ പഴയ ചിറ യ്ക്കൽ താലൂക്കിലെ 76 അംശത്തിൽപ്പെട്ട ഒന്നായിരുന്നു കുഞ്ഞിമംഗലം. പഴയ മലബാർ ജില്ലയിലെ പഞ്ചായത്ത് ആയിരുന്ന ചെറുതാഴം- കുഞ്ഞിമംഗലം പഞ്ചായത്ത് 1962 ൽ വിഭ ജിക്കപ്പെട്ട് രൂപീകൃതമായ കുഞ്ഞിമംഗലം പഞ്ചായത്തിലെ X,XI വാർഡുകളാണ് ഈ പദ്ധതി പ്രദേശം. മൂഷക വംശത്തിന്റെ അധീനതയിൽ നിന്നും പിന്നീട് കോലത്തിരി വംശ ത്തിന്റെ അധീനതയിലായി. വെങ്കല പൈതൃക ഗ്രാമമായി പ്രഖ്യാപിച്ച ഈ പ്രദേശം. വെങ്കല ശില്പികൾക്കും ശില്പങ്ങൾക്കും പേര്കേട്ട ദേശമാണ്.

## Quality of the living environment

മുൻകാലഘട്ടങ്ങളിൽ മാടായിയിലുള്ള ചൈനാക്ലേ കമ്പനിയിലും കുഞ്ഞിമംഗലം തന്നെ യുള്ള തൂണോളി മില്ലിലും പണി എടുത്ത് ജീവിച്ചവരായിരുന്നു ഇവിടത്തുകാർ. പുഴയാലും കായലോര പ്രദേശത്താലും അനുഗ്രഹീതമായത് കൊ ് തന്നെ ഉൾനാടൻ മത്സ്യമേഖ ലയെ ആശ്രയിച്ചവരും കർഷകരും കർഷകതൊഴിലാളികളും ഇവിടെയു ്. ഇന്ന് സർക്കാർ ഉദ്യോഗസ്ഥരും കച്ചവടക്കാരും മറ്റുമുള്ള ഈ പ്രദേശത്തെ ജീവിത സാഹചര്യം ഏറെ മികച്ചതാണ്. എല്ലാ മത വിഭാഗക്കാരും ഒത്തൊരുമിച്ച് ജീവിക്കുന്ന മേഖലയാണിത്.

## Social impact management plan

## Approach to mitigation

ഇവിടെ ഭൂമി ഏറ്റെടുക്കുന്നതുമൂലമുള്ള ആഘാതം പരിഹരിക്കാനും ഒഴിവാക്കാനും ലഘൂ കരിക്കാനും അനുയോജ്യ നടപടികൾ കൈകൊള്ളുന്നതിനെ സംബന്ധിച്ച് ഭൂഉടമകളു മായും മറ്റ് തരത്തിലുള്ള പ്രയാസം അനുഭവിക്കുന്നവരുമായും വിശദമായ ചർച്ചകൾ നട ത്തിയിരുന്നു. അവ താഴെ കാണിക്കുന്നു.

## Measures to avoid, mitigate and compensate impact

### സാമ്പത്തിക നടപടികൾ

പഴയങ്ങാടി-ഏഴിമല റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള 259-ാം നമ്പർ ലെവൽക്രോസിന് പകരമായി ഒരു മേൽപ്പാലം നിർമ്മിക്കാനായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയും അനുഭവങ്ങളും 23 പേരുടേതാണ്. ഇവർക്ക് 2013 ലെ RFCTLARR Act 26 മുതൽ 31 വരെയുള്ള വകുപ്പുകൾ അനുശാസിക്കുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതോടെ ഇവരുടെ പ്രയാസങ്ങൾ ഒരു പരിധി വരെ പരിഹരിക്കപ്പെടും. നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്ന സമയത്ത് രോഗികളും ചെറിയ കുട്ടികളും അടങ്ങുന്ന കുടുംബങ്ങൾക്ക് പൊടിയും ശബ്ദവും ശല്യമാകാൻ ഇടയു ്. ഇത്തരക്കാരെ താൽക്കാലികമായി മാറ്റി പാർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാം

### പാരിസ്ഥിതിക നടപടികൾ

നേരത്തെ വ്യക്തമാക്കിയത് പോലെ കുടുംബമായി താമസിക്കുന്ന 8 പേരാണ് ഉള്ളത്. ഇവരുടെ വീടിന്റെ മുൻഭാഗത്തായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുക. ഇതിൽ ര ് പേർക്ക് വീട്ട് മുറ്റത്ത് തന്നെയാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. നിർമ്മാണ സമയത്ത് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സൗകര്യം ഇവർക്ക് ലഭിക്കണം. റെയിൽവെ ഗേറ്റിന്റെ കിഴക്ക് ഭാഗത്ത് തോട്ടത്തിൽ സുശീലയുടെ പറമ്പിനും റോഡിനും ഇടയിലായി ഒരു ചെറിയ തോടു ്. തലായ് കിഴക്ക്, തെക്ക് ഭാഗത്ത് നിന്നുള്ള വെള്ളം ഈ തോടിലൂടെയാണ് ഒഴുകുന്നത്. ഇത് റോഡിൽ നിർമ്മിച്ച ചെറിയ കൾവർട്ടിനടിയിലൂടെ, തച്ചോളി സ്റ്റോറിന്റെ മുൻ വശത്ത് കൂടെ ഒഴുകി പടിഞ്ഞാറ് ഭാഗത്തുള്ള ചങ്കൂരിച്ചാൽ പുഴയിൽ ചേരുന്നതാണ്. ഇത് പല ഭാഗത്തും മണ്ണിട്ട് നികത്തിയതിനാൽ മലിനജലം കെട്ടി നിന്ന് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉ ാക്കുന്നു ്. അതിനാൽ ഈ തോട് സംരക്ഷിക്കപ്പെട്ടാൽ ഇവിടുത്ത്കാർക്ക് ഏറെ ഉപകാരപ്രദമായിരിക്കും.

നിലവിലുള്ള ലെവൽക്രോസിനും ഓട്ടോസ്റ്റാന്റിനും ഇടയിലായി മൂന്ന് മരങ്ങൾ (റെയിൻ ട്രീ) ഉ ്. മുറിച്ച് മാറ്റപ്പെടുന്ന മരങ്ങൾക്ക് പകരമായി റോഡിന്റെ വശങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് മാവ്, പ്ലാവ്, പുളി എന്നീ നാടൻ ഇനങ്ങളിലുള്ള പുതിയ വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കാവുന്നതാണ്.

## Measures that are included in the terms of rehabilitation and resettlement and compensation as outlined in the act

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ വളരെ വ്യക്തമായി പരാമർശിച്ച രീതിയിൽ ഭൂമിക്കും അതിലെ ചമയങ്ങൾക്കും നഷ്ടപരിഹാരം ലഭ്യമാക്കി ഭൂമിയും വീടിന്റെ മുൻഭാഗവും മറ്റും നഷ്ടപ്പെടുന്നവരുടെ പ്രയാസങ്ങൾ ദുരീകരിക്കാൻ പറ്റും . ഇവിടെ ഭൂമി വിട്ട് നൽകുന്നതിൽ ഇവർ വിമുഖത കാട്ടിയിട്ടില്ല.

## Measures that the requiring body has stated it will introduce in the project proposal

റെയിൽവെ മന്ത്രാലയവും കേരള സർക്കാരും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്ഥലവും മറ്റും ഏറ്റെടുക്കുന്ന സമയത്ത് നിലവിലെ വിപണി മൂല്യവും, നാളിത് വരെ താമസിച്ച വീടിന്റെ മുറ്റവും പറമ്പും സകലതും പൊതു ആവശ്യത്തിലേക്ക് വിട്ടു നൽകാനുള്ള സന്നദ്ധതയും വൈകാരിക മൂല്യവും കൂടി പരിഗണിച്ച് നഷ്ടപരിഹാരം ലഭ്യമാക്കാവുന്നതാണ്.

## Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി, മുന്നേ വ്യക്തമാക്കിയത് പോലെ റെയിൽവെ പാളത്തിന്റെ പടിഞ്ഞാറും കിഴക്കും ഭാഗത്താണല്ലോ. പടിഞ്ഞാറ് ഭാഗത്ത് 14 പേരുടെ സ്ഥലം ഏറ്റെടുക്കപ്പെടുന്നുെ ങ്കിലും, വീടിന്റെ മുറ്റം തന്നെ ഇല്ലാതാകുന്നത് ര ് പേർക്കാണ് . വിശ്വനാഥൻ പി എന്ന വിമുക്ത ഭടനും വേണുഗോപാലൻ പി സി എന്ന വ്യക്തി ബ്രെയിൻ ട്യൂമറിന് ശസ്ത്രക്രിയ കഴിഞ്ഞ് പ്രായാധിക്യത്താൽ വിശ്രമിക്കുന്നയാളുമാണ്. ഇവിടെ മാർക്ക് ചെയ്തിരിക്കുന്ന അടയാളത്തിൽ നിന്ന് അൽപ്പം മാറി കിട്ടണമെന്ന് ഇവർ ആഗ്രഹിക്കുന്നു

അതുപോലെ തന്നെ റെയിൽ പാളത്തിന്റെ കിഴക്ക് ഭാഗത്ത് കെ പി ഗോപാലന്റെ മൂന്ന് മുറി പീടികയ്ക്കും, കെ വി മുരളീധരന്റെ ര ് സ്ഥാപനങ്ങൾക്കും, സുരേഷ് പി വി യുടെ മൂന്ന് കട മുറികൾക്കും കെ.പി ഗോവിന്ദന്റെ നിമ്മി ട്രേഡേഴ്സിനും മുൻഭാഗത്തെ ബാധിക്കുന്നു ്. ഇവിടെയും അർത്ഥനാധികാരിയോട് അടയാളക്കുറ്റിയിൽ മാറ്റം വരുത്താമോ എന്ന് ആവശ്യപ്പെടുന്നു. ഈ ഭാഗത്തത്തുള്ളവരും ഭൂമി വിട്ട് നൽകാൻ തയ്യാറാണ്.

## Detailed mitigation plan

1. ഏറ്റെടുക്കുന്ന ഭൂമിക്ക് എത്രയാണ് നഷ്ടപരിഹാരമായി ലഭിക്കുക എന്ന് ഭൂമി ഉടമകൾക്ക് വ്യക്തമല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ ഇടപാടുകൾ കണക്കിലെടുത്ത് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ, വില്പന വിലയും രജിസ്ട്രേഷൻ വിലയും വ്യത്യസ്തമാകുന്ന സാഹ ചര്യത്തിൽ, ഇതിൽ വ്യക്തത വരുത്തണം .

2. വീടിന്റെ മുറ്റം തന്നെ ഇല്ലാതാകുന്ന അവസ്ഥയിൽ വാഹനം പോലും കൃത്യമായി വെക്കാൻ സാധിക്കാതെ വരും. വീട്ടിൽ നിന്ന് ഇറങ്ങുന്നത് തന്നെ റോഡിലേക്ക് ആകുമ്പോ ഴുള്ള പ്രയാസം പരിഹരിക്കപ്പെടണം. കൂടുതൽ ഭൂമിയും സർവ്വീസ് റോഡിന് ആകുന്നതി നാൽ, അതിന്റെ വീതി അല്പം കുറച്ച്, ആഘാതം ലഘൂകരിക്കാമോ എന്ന് പരിശോധിക്കാ വുന്നതാണ്.

3. കുറേയേറെ വീടുകൾക്കും സ്ഥലത്തിനും സംരക്ഷണ മതിലും ഗേറ്റും നഷ്ടപ്പെടുന്നു ്. ഇവ പുതുക്കി പണിയുന്നതിനുമായി, അനുവദിക്കപ്പെടുന്ന തുകയുടെ ഒരു ഭാഗം മുൻകൂ റായി അനുവദിക്കാൻ നടപടി ഉ ാകണം .

4. പല പദ്ധതി പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ, നഷ്ടപരിഹാരം ലഭി ക്കുന്നതിനായി ഓഫീസുകൾ കയറി ഇറങ്ങേ സാഹചര്യം ഉ ായിട്ടു ്. ഇത് ഒഴിവാ ക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടി ക്രമം പൂർത്തിയാകുന്നതോടെ നഷ്ടപരിഹാര തുക ലഭ്യമാക്കണം.

(4.1)ഭൂമി നിർണ്ണയം സംബന്ധിച്ച്

മുകളിൽ സൂചിപ്പിച്ചതുപോലെ കുഞ്ഞിമംഗലം അംശം ദേശത്തിലെ സർവ്വേ നമ്പർ 331,337,373,374,375,376,378 എന്നീ സർവ്വേ നമ്പരുകളിൽപ്പെടുന്ന 0.37 ഹെക്ടർ സ്വകാര്യ ഭൂമി യാണ് ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നത്. ഇതിന്റെ വശങ്ങളിലായി റെയിൽവെയുടെയും റവന്യൂ വകുപ്പിന്റെയും അധീനതയിലുള്ള ഭൂമിയുമു ്.

ദേശീയപാത 66 ൽ ഏഴിലോട് നിന്ന് ഏഴിമല നേവൽ അക്കാദമിയിലേക്ക് ബന്ധപ്പെടു ത്തുന്ന കുഞ്ഞിമംഗലം- കുന്നരു റോഡിൽ നിലവിലുള്ള 259-ാം നമ്പർ ലെവൽക്രോ സിന്റെ കിഴക്ക് - പടിഞ്ഞാറ് ഭാഗങ്ങിൽ റോഡിന്റെ ഇരുവശങ്ങളിലുമായാണ് സ്ഥിതി ചെയ്യുന്നത്. ഇത് മുപ്പതോളം പേരുടെ കൈവശത്തിലാണുള്ളത്. ഈ ഭൂമി തോട്ടം/നഞ്ച എന്നീ വിഭാഗങ്ങളിൽപ്പെടുന്നവയാണ്.

ഉപസംഹാരം

കുഞ്ഞിമംഗലം പ്രദേശത്തുള്ള സ്ഥിര താമസക്കാർക്കും, ഈ റെയിൽവെ ഗേറ്റ് കടന്ന് ഏഴിമല നേവൽ അക്കാദമി, പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ, എട്ടിക്കുളം ബീച്ച് എന്നിവയിലേക്കും, ദേശീയ പാതയിൽ ഏഴിലോട്, പയ്യന്നൂർ ടൗൺ, പയ്യന്നൂർ റെയിൽവെ സ്റ്റേഷനിലേക്കും പോകേ ി വരുന്നവർക്കും ഏറെ ഉപകാരപ്രദമായൊരു പദ്ധതിയുമായാണ് 259-ാം നമ്പർ ലെവൽക്രോസിൽ ഒരു മേൽപാലവും, സമീപന റോഡുകളും , സർവ്വീസ് റോഡുകളും ഉ ാക്കാൻ കെ റെയിൽ മുന്നോട്ട് വന്നിരിക്കുന്നത്. ഈ പദ്ധതിക്കായി കേവലം 37.07 ആർ ഭൂമി മാത്രമാണ് ഏറ്റെടുക്കപ്പെടുന്നത്. ഈ ഏറ്റെടുക്കൽ ഗൗരവതരത്തിലുള്ള ആഘാതങ്ങൾ ഒന്നും തന്നെ ഉ ായിരുന്നില്ല. ആർക്കും തൊഴിലിനോ, ജീവനോപാധികളോ നഷ്ടപ്പെടുന്നുമില്ല. ഏത് വികസന പദ്ധതിക്കും അല്പം ചില പ്രയാസങ്ങൾ അനുഭവിക്കേ ി വരും. ഇവിടെ ഭൂമി വിട്ട് നൽകാൻ എല്ലാ ഉടമകളും തയ്യാറാണ്.

ഭൂമി ഏറ്റെടുക്കൽ വരുമാനത്തിനോ, തൊഴിലിനോ, സ്ഥാപനങ്ങൾക്കോ, പരിസ്ഥിതിക്കോ സാരമായ പ്രശ്നങ്ങൾ ഉ ാക്കുന്നില്ല. അതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നാണ്.

ചെയർമാൻ

സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ് കണ്ണൂർ

അനുബന്ധം




ഓട്ടോ സ്റ്റാന്റ് - തലായ്മുക്ക്




BSNL ഫില്ലർ- തലായ്മുക്ക്




ബസ്സ് കാത്തിരിപ്പ് കേന്ദ്രം -തലായ്മുക്ക്




മുത്തപ്പൻ ക്ഷേത്ര ഭണ്ഡാരം-തലായ്മുക്ക്

II




തച്ചോളി സ്റ്റോർ- തലായ്മുക്ക്




കൊടി മരം - തലായാമുക്ക്






കനാൽ- തലായാമുക്ക്

ലെവൽക്രോസിന് സമീപത്തെ മരങ്ങൾ

III




KSEB ട്രാൻസ്ഫോർമർ-കുതിരുമ്മൽ



മൂന്ന് മുറി പീടിക- തലായ്






ഷെഡ്ഡും കിണറും- തെക്കുമ്പാട് 

പറമ്പിന്റെ ഭാഗം -തെക്കുമ്പാട്

IV



പഞ്ചായത്ത് പ്രസിഡ ് ശ്രീമതി പ്രാർത്ഥന ഉദ്ഘാടനം ചെയ്യുന്നു



ശ്രീ മിഥുൻ ജോസഫ് റെയിൽവെ സെക്ഷൻ എഞ്ചിനീയർ പദ്ധതി വിശദീകരിക്കുന്നു



